## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2749 — 09-05-2017 ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.കെ.ദാസൻ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ | | ഡോ. കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിൽ ഏതൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | (എ) | കേന്ദ്ര ഗ്രാമവികസന മന്ത്രാലയം 03.01.2014-ൽ പുറപ്പെടുവിച്ച എസ്.ഒ.19 (ഇ)നമ്പർ വിജ്ഞാപനം പ്രകാരം ചുവടെ പറയുന്ന പ്രവൃത്തികളാണ് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>വിഭാഗം എ: പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ<br><br>വിഭാഗം ബി: സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികളുടെ നിർമ്മാണം<br><br>വിഭാഗം സി:ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ പാലിക്കുന്ന സ്വയംസഹായ സംഘങ്ങൾക്ക് പൊതുഅടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക<br><br>വിഭാഗം ഡി:ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം |
| (ബി) | ഈ പദ്ധതി പ്രകാരം ഏറ്റെടുത്തു നടത്താവുന്ന പ്രവൃത്തികൾ സംബന്ധിച്ച് കേന്ദ്ര സർക്കാർ പുതിയ നിബന്ധനകൾ കൊണ്ടുവരുന്നത് പദ്ധതി നടത്തിപ്പിനെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | അവിദഗ്ധ കായിക തൊഴിൽ ലഭ്യമാക്കുകയെന്ന അടിസ്ഥാന ലക്ഷ്യത്തോടൊപ്പം ഉൽപാദനപരമായ ആസ്തികളുടെ സൃഷ്ടികൂടി കേന്ദ്രസർക്കാർ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്.കേന്ദ്രസർക്കാർ പുറപ്പെടുവിച്ച ആന്വൽ മാസ്റ്റർ സർക്കുലറുകളിൽ നിഷ്കർഷിച്ചിട്ടുള്ള പ്രവൃത്തികളിലേറെയും |

| | | | |
|---|---|---|---|
| | | | പൊതുസ്ഥലങ്ങളിലും സമൂഹത്തിൽ അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ഭൂമിയിലും സാധനസാമഗ്രികളുടെ ഉപയോഗവും വിദഗ്ധ,അർദ്ധ-വിദഗ്ധ തൊഴിലാളികളുടെ സേവനവും കൂടുതലായി ആവശ്യമാകുന്ന തരത്തിലുള്ള പ്രവൃത്തികളാണ്. കേരളത്തിന്റെ സാഹചര്യത്തിൽ പൊതുഭൂമിയുടെ അളവ് തീരെ കുറവായതിനാൽ നിലവിലെ വ്യവസ്ഥകൾക്ക് അനുസൃതമായ രീതിയിലുള്ള പ്രവൃത്തികൾ കണ്ടെത്തുവാൻ ഇപ്പോൾ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. |
| (സി) | ഗ്രാമീണ മേഖലയിലെ പ്രധാന വരുമാനമാർഗ്ഗമെന്ന നിലയിൽ പ്രസ്തുത പദ്ധതി കാര്യക്ഷമമായും ഫലപ്രദമായും നടത്തുന്നതിന് കൂടുതൽ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ | (സി) | ഗ്രാമീണ മേഖലയിലെ പ്രധാന വരുമാനമാർഗ്ഗമെന്ന നിലയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ക്ഷീരകർഷകരുടെ മൃഗപരിപാലനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, നെൽകൃഷി, കൊയ്ത്തിനുശേഷം പുതുതായി വിളവ് ഇറക്കുന്നതുവരെയുള്ള ആവർത്തന സ്വഭാവമുള്ള കൃഷിപ്പണികൾ എന്നിവയും കയർ, കൈത്തറി, ഖാദി മേഖലയിലെ പ്രവർത്തനങ്ങളും പദ്ധതിയിലെ അംഗീകൃത പ്രവൃത്തിയിനങ്ങളായി ഉൾപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിൽ ശുപാർശ നൽകിയിട്ടുണ്ട്. എന്നാൽ കേന്ദ്രസർക്കാരിൽ നിന്നും അനുകൂല തീരുമാനം ലഭ്യമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**